പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.4803

23.07.2015 ൽ
മറുപടിയ്ക്ക്

**വർദ്ധിച്ചുവരുന്ന മദ്യ, മയക്കമരുന്ന് ഉപയോഗം കുറയ്ക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് : | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യ, മയക്കമരുന്ന് ഉപയോഗം കണക്കിലെടുത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് യൂത്ത് കമ്മീഷന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | എ) യുവാക്കളുടേയും വിദ്യാർത്ഥികളുടേയും ഇടയിൽ വർദ്ധിച്ച് വരുന്ന മദ്യം, മയക്കമരുന്ന് ഉപയോഗം കണക്കിലെടുത്ത് കേരള സംസ്ഥാന യുവജനകമ്മീഷൻ സംസ്ഥാനത്തെ വിവിധ ജില്ലകളിലെ കോളേജുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിലും ബോധവത്കരണ പരിപാടികൾ നടത്തി വരുന്നു.പ്രസ്തുത പദ്ധതി പ്രകാരം യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ യുവാക്കളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ബോധ വത്കരണ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുണ്ട്.മേൽ പദ്ധതികൾ നടപ്പുവർഷവും സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ,ലൈബ്രറികൾ, യുവജന ക്ലബുകൾ എന്നീ തലങ്ങളിൽ കൂടി കൂടുതൽ ഫലപ്രദമായി നടത്തുന്നതിന് ഉദ്ദേശിക്കുന്നു. |
| ബി) പ്രസ്തുത കമ്മീഷന്റെ ഇടപെടൽ കാരണം മദ്യ മയക്കമരുന്ന് ഉപയോഗം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ? | ബി) ഉണ്ട്;സംസ്ഥാനത്തെ കോളേജുകളിലെ വിദ്യാർത്ഥികളുടേയും യുവാക്കളുടേയും ഇടയിലെ ലഹരി ഉപയോഗം കമ്മീഷൻ നടത്തുന്ന വിവിധ ബോധ വത്കരണ പ്രവർത്തനങ്ങളിലൂടെ കുറച്ച് കൊണ്ടുവരാൻ കഴിയുന്നുണ്ട് എന്ന് പോലീസ്, എക്സൈസ് വകുപ്പുകളുടെ റിപ്പോർട്ടുകളിൽ വ്യക്തമാണ്. |

സെക്ഷൻ ഓഫീസർ